പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3163

22.6.2012 ൽ മറുപടിയ്ക്ക്

**ശാരീരിക വൈകല്യം സംഭവിച്ചിട്ടുള്ളവർക്ക് മോട്ടോർ വാഹനങ്ങൾ നൽകുന്ന പദ്ധതി**

ചോദ്യം

ശ്രീ.വി. ചെന്താമരാക്ഷൻ

മറുപടി

ഡോ.എം.കെ.മുനീർ

(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ശാരീരിക വൈകല്യം സംഭവിച്ചിട്ടുള്ള വർക്ക് സാമൂഹ്യക്ഷേമ വകുപ്പ് വഴി സൗജന്യമായി മോട്ടോർ വാഹനങ്ങൾ നൽകുന്ന പദ്ധതിയുടെ വിശദാംശം നൽകുമോ;<br>(ബി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിനുള്ള മുൻഗണനാക്രമം തീരുമാനിച്ചതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; | എ) & (ബി) ഇത് സംബന്ധിച്ച രൂപരേഖ സർക്കാർ പരിഗണന യിലാണ്. അന്തിമ തീരുമാനമായിട്ടില്ല.<br>(അനുബന്ധമായി ചേർത്തിട്ടുണ്ട്) |
| (സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ബജറ്റിൽ തുക നീക്കി വെച്ചിരുന്നോ; എങ്കിൽ വിശദമാക്കുമോ? | (സി) ഇല്ല. |

സെക്ഷൻ ഓഫീസർ

## നിബന്ധനകൾ

1. 18 വയസ്സിനു മുകളിൽ 55 വയസ്സിനകം പ്രായമുള്ളവരായിരിക്കണം.
2. അംഗപരിമിതരിൽ വണ്ടി ഓടിയ്ക്കാൻ കഴിവുള്ളവരെ മാത്രമേ ഈ പദ്ധതിയിൽ പരിഗണിക്കുകയുള്ളു. (ഡോക്ടർ സർട്ടിഫിക്കറ്റ് അത്യാവശ്യമാണ്. )
3. ഡിഗ്രി തലത്തിലോ അതിനുപരിയോ പഠിക്കുന്ന വിദ്യാർത്ഥികളേയും, സ്വയം തൊഴിൽ ചെയ്യുന്നവരേയുമാണ് ഈ പദ്ധതി പ്രകാരം പരിഗണിക്കുന്നത്.
4. വാർഷിക വരുമാനം 78000/ രൂപയിൽ കവിയരുത് (കേന്ദ്ര സർക്കാരിന്റെ എഡിഐപി പദ്ധതി നോംസിന് തുല്യം)

പദ്ധതിയുടെ ആദ്യഘട്ടമായി കേരളത്തിലെ 245 പഞ്ചായത്തുകളിൽ ഓരോ പഞ്ചായത്തിലും തിരഞ്ഞെടുക്കപ്പെട്ട 5 അംഗ പരിമിതർക്ക് വീതം വാഹനം നൽകാവുന്നതാണ്. പദ്ധതി ചെലവിന്റെ 70% അതാത് ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളും, 10% ഗുണഭോക്താക്കളും (പട്ടിക ജാതി, പട്ടിക വർഗ്ഗത്തിൽ പെട്ടവർക്ക് 100% സൗജന്യം) ബാക്കിവരുന്ന 20% വികലാംഗക്ഷേമ കോർപ്പറേഷന്റെ വിഹിതമായും നൽകാവുന്നതാണ്. ഇങ്ങനെ നൽകുന്ന വാഹനങ്ങൾ 5 വർഷത്തേക്ക് കൈമാറാനോ, വിൽക്കാനോ പാടില്ല എന്ന വ്യവസ്ഥ പ്രത്യേകം വക്കേണ്ടതാണ്. അതിനായി അതാതുഗ്രാമ പഞ്ചായത്തിന്റെ പേരിൽ 5 വർഷത്തേക്ക് വാഹനം ഹൈപ്പോത്തിക്കേറ്റ് ചെയ്യാവുന്നതാണ്.

ഒരു വർഷം 245 ഗ്രാമ പഞ്ചായത്ത് എന്ന കണക്കനുസരിച്ച് 4 വർഷം കൊണ്ട് കേരളത്തിലെ എല്ലാ ഗ്രാമ പഞ്ചായത്തുകളും ഈ പദ്ധതിയുടെ കീഴിൽ കൊണ്ടുവരാൻ കഴിയുന്നതാണ്. അതോടൊപ്പം തന്നെ നിലവിലുള്ള 60 മുൻസിപ്പാലിറ്റികളേയും 5 നഗര സഭകളും കൂടി പദ്ധതികളിൽ ഉൾപ്പെടുത്താവുന്നതാണ്.

ഓരോ ഗ്രാമ പഞ്ചായത്തിൽ നിന്നും 5 പേർ വീതവും ഓരോ മുൻസിപ്പാലിറ്റിയിൽ നിന്നും 10 പേർ വീതവും ഓരോ നഗരസഭയിൽ നിന്നും 20 പേർ വീതവുമാണ് ഗുണഭോക്താക്കളായി തെരഞ്ഞെടുക്കാൻ ഉദ്ദേശിക്കുന്നത്.